# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത **28/02/2017 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 543**

## പുതിയ വ്യവസായങ്ങൾ

| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ സർക്കാർ നടപ്പിലാക്കി വരികയാണ്.ആയതിൻ പ്രകാരം ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തി വരുന്നു. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇഡി ക്ലബ്ബുകൾ) വഴി ധനസഹായവും നൽകിവരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുൻസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ് സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കിയിട്ടുമുണ്ട്.<br>സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പുതിയ വ്യവസായ നയത്തിന്റെ കരട് വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കിയത് സർക്കാരിന്റെ പരിഗണനയിലാണ്. കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ് ടു ബിസിനസ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിപണന പ്രോൽസാഹനാർത്ഥം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രവാസി മലയാളികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ നടപടി സ്വീകരിയ്ക്കുമോ ? | (ബി) | പ്രവാസി മലയാളികൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും കേരളത്തിൽ നിയമവിധേയമായി ഏത് വ്യവസായം തുടങ്ങുവാനും നിലവിൽ സാഹചര്യമുണ്ട്. അത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തികവും, സാമ്പത്തികേതരവുമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ നൽകിവരുന്നു. കൂടാതെ പ്രവാസികളായ കേരളീയർ വിദേശത്ത് നിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം, പരിശീലനം എന്നിവയ്ക്ക് വേണ്ട എല്ലാ സഹായങ്ങൾ നൽകുന്നതിനും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 5% അവർക്ക് റിസർവ് ചെയ്യുന്നതിനുമുള്ള പദ്ധതി വ്യവസായ വാണിജ്യ വകുപ്പിന്റെ പുതിയ വ്യവസായ നയത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ